**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ കുളത്തുമ്മൽ വില്ലേജിലെ ബ്ലോക്ക് 8-ൽ റീസർവ്വേ 225/1-ൽ ഉൾപ്പെട്ട 52.56 ആർ വസ്തു വാങ്ങി ശ്രീ.പൊന്നറ ശ്രീധരന്റെ നാമധേയത്തിൽ ടൗൺ ഹാൾ നിർമ്മിക്കുന്നതിന് ഭരണാനുമതിയും, തുക വിനിയോഗിക്കുന്നതിനുള്ള അനുമതിയും നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(കൈ) നം.62/2021/ത.സ്വ.ഭ.വ        തിരുവനന്തപുരം, തീയതി, 23/02/2021

---

പരാമർശം :-1) 03/12/2007-ലെ സ.ഉ.(കൈ) നം.280/2007/ത.സ്വ.ഭ.വ

2) 23/ 10 / 2020 ലെ PAN/7681/2020-C7 (DP) നമ്പർ കത്ത്

3) 05/02/2021 ലെ സ.ഉ.(കൈ) നം.27/2021/ത.സ്വ.ഭ.വ

4) 19/02/2021 ലെ സ.ഉ.(സാധാ) നം.1573/2021/ധനം

**<u>ഉത്തരവ്</u>**

കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ കുളത്തുമ്മൽ വില്ലേജിലെ ബ്ലോക്ക് 8-ൽ റീസർവ്വേ 225/1-ൽ ഉൾപ്പെട്ട 52.56 ആർ വസ്തു വാങ്ങി ശ്രീ.പൊന്നറ ശ്രീധരന്റെ നാമധേയത്തിൽ ടൗൺ ഹാൾ നിർമ്മിക്കുന്നതിന്, ബജറ്റ് വിഹിതമായി 2,40,00,000/-രൂപ (രണ്ട് കോടി നാല്പത് ലക്ഷം രൂപ) അനുവദിച്ചിട്ടുള്ളതാണെന്നും ഈ ആവശ്യത്തിലേയ്ക്കായി ഭൂമി വാങ്ങുന്നതിനു 3,30,15,502/-രൂപ (മൂന്ന് കോടി മുപ്പത് ലക്ഷത്തി പതിനയ്യായിരത്തി അഞ്ഞൂറ്റിരണ്ട് രൂപ മാത്രം) ആവശ്യമുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് പൊതു ആവശ്യത്തിനായി ഭൂമി വിലയ്ക്ക് വാങ്ങുന്നതിന് അനുവദിക്കാവുന്ന തുകയുടെ പരിധി ഒരു കോടി രൂപയായി നിജപ്പെടുത്തിക്കൊണ്ടുള്ള പരാമർശം (1) ഉത്തരവിൽ ഈ ആവശ്യത്തിലേക്ക് മാത്രമായി ഇളവ് അനുവദിച്ചു കൊണ്ട് ഭരണാനുമതി നൽകി പരാമർശം (3) പ്രകാരം ഉത്തരവായി.

2) പരാമർശം (4) ഉത്തരവ് പ്രകാരം കാട്ടാക്കട ഗ്രാമപഞ്ചായത്തിന് ശ്രീ. പൊന്നറ ശ്രീധരന്റെ നാമധേയത്തിൽ ടൗൺ ഹാൾ നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ആവശ്യത്തിലേയ്ക്കായി 3,30,16,000/- രൂപ (മൂന്ന് കോടി മുപ്പത് ലക്ഷത്തി പതിനാറായിരം രൂപ മാത്രം) അഡീഷണൽ ഓതറൈസേഷൻ മുഖാന്തിരം അനുവദിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മേൽപ്പറഞ്ഞവയുടെ തുടർനടപടിയായി കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ കുളത്തുമ്മൽ വില്ലേജിലെ ബ്ലോക്ക് 8-ൽ റീസർവ്വേ 225/1-ൽ ഉൾപ്പെട്ട 52.56 ആർ വസ്തു വാങ്ങി ശ്രീ. പൊന്നറ ശ്രീധരന്റെ നാമധേയത്തിൽ ടൗൺ ഹാൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയും , പരാമർശം (4) പ്രകാരം അനുവദിച്ച 3,30,16,000/- രൂപ (മൂന്ന് കോടി മുപ്പത് ലക്ഷത്തി പതിനാറായിരം

രൂപ മാത്രം) പ്രസ്തുത ആവശ്യത്തിന് വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കാട്ടാക്കട ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്, എൽ.ബി.എ & എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (അറിവിലേയ്ക്കായി)
തദ്ദേശസ്വയംഭരണ(ഡി.എ/ഡി.ബി/എഫ്.എം) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ആർ.സി1/51/2020/ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Bindu.T
സെക്ഷൻ ഓഫീസർ